മാതൃഭൂമി

02 December 2016

# സമുദ്രജീവികളുടെ വർഗീകരണത്തിന് ഇന്ത്യ ഊന്നൽ നൽകണം - ഡോ. ഗുസ്റ്റാവ് പൗലേ

**കൊച്ചി:** സമുദ്ര ജിവിവർഗങ്ങളെ വേർതിരിക്കുന്നതിനുള്ള വർഗീകരണ പഠനത്തിന് ഇന്ത്യ ഊന്നൽ നൽകണമെന്ന് നിർദ്ദേശം. ജൈവ വൈവിധ്യ പഠന രംഗത്തെ യു.എസ്. ഗവേഷകൻ ഡോ. ഗുസ്റ്റാവ് പൗലേയാണ് സമുദ്ര ജിവികളെക്കുറിച്ചുള്ള വർഗീകരണ പഠനത്തിന് കൂടി ഇന്ത്യ പ്രാധാന്യം നൽകണമെന്ന് ഉപദേശിച്ചത്. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

80 ശതമാനത്തോളം സമുദ്രജീവികൾ ഇപ്പോഴും തരംതിരിക്കപ്പെട്ടിട്ടില്ല. സാങ്കേതിക വിദ്യകളിൽ വലിയ മുന്നേറ്റമുണ്ടായെങ്കിലും സമുദ്ര ജൈവ വൈവിധ്യം ശാസ്ത്രീയമായി പഠന വിധേയമാക്കുന്നതിൽ ഏറെ പിന്നിലാണ്.

സി.എം.എഫ്.ആർ.ഐ. യിലെ ജേണൽ ക്ലബ്ബിന് കീഴിൽ രാജ്യാന്തര പ്രശസ്തരായ ഗവേഷകരെ സ്ഥാപനത്തിലെ ഗവേഷകർക്കിടയിൽ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായായിരുന്നു പരിപാടി. സി.എം.എഫ്.ആർ.ഐ.യിലെ നാഷണൽ മറൈൻ ബയോ ഡൈവേഴ്സിറ്റി മ്യൂസിയം ഡോ. ഗുസ്റ്റാവ് സന്ദർശിച്ചു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഡോ. ഗുസ്റ്റാവിന് ഉപഹാരം സമ്മാനിച്ചു. ഡോ. കെ.കെ. ജോഷി, ഡോ. ശ്യാം എസ്. സലീം എന്നിവർ സംസാരിച്ചു.